9/3/22

7/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2276*(2)/2016*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13878**/*എസ്.ഐ.സി-ജി 6/16*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പി.ഐ.തോമസ്,
പുത്തേത്ത്, പ്രയാർ,
പാണ്ടനാട് നോർത്ത്,
ചെങ്ങന്നൂർ. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി തഹസിൽദാർ(എച്ച്.ക്യു.),
താലൂക്ക് ഓഫീസ്,
ചെങ്ങന്നൂർ.

2. അപ്പീൽ അധികാരി&
തഹസിൽദാർ,
താലൂക്ക് ഓഫീസ്,
ചെങ്ങന്നൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.05.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.06.2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18.07.2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17.08.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 31.10.2016 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 09.11.2016 |
| ഹിയറിംഗ് നടന്ന തീയതി | 01.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷയ്ക്ക് ലഭിച്ച മറുപടി

തൃപ്തികരമല്ലാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് അപ്പീൽ അധികാരി നൽകിയ മറുപടിയും അവ്യക്തവും അപൂർണ്ണവും വിവരങ്ങൾ നിഷേധിക്കുന്ന വിധത്തിലുമായിരുന്നുവെന്നും ആകയാൽ ടിയാന് പൂർണ്ണവും വ്യക്തവുമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 27.05.2016ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ബഹു.ആലപ്പുഴ ജില്ലാ കളക്ടറുടെ C6/20570/15 നമ്പർ ഉത്തരവു പ്രകാരം ഹർജിക്കാരനും ടിയാന്റെ സഹോദരനും മാതാവും അവകാശികളായ പഴയ സർവ്വെ നമ്പർ 7/23ൽ പെട്ട വസ്തു പഴയ സർവ്വെ റിക്കാർഡുകളുടെയും കൈവശങ്ങളുടെയും ആധാരങ്ങളുടെയും അടിസ്ഥാനത്തിൽ സർവ്വെ നടത്തി റിപ്പോർട്ട് സ്കെച്ച് സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നുവെന്നും ഇതു പ്രകാരം സർവ്വെ നടത്തിയതിന്റെ റിപ്പോർട്ട് സർവ്വെയർ ശ്രീമതി സിന്ധു (LRM 3-8582/14) അഡീഷണൽ തഹസിൽദാർക്ക് സമർപ്പിച്ചുവെന്നും മേൽ റിപ്പോർട്ടിനെ സംബന്ധിച്ചു 24 ഇനങ്ങളിലും ചില ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

ആയതിന് 27.06.2016ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 2(f) 2(j) വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ലെന്നും ടിയാൻ ആവശ്യപ്പെട്ട ഫയൽ പരിശോധിച്ചതിൽ തിരുവൻവണ്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 6ൽ റീസർവ്വെ 558/13 (പഴയ സർവ്വെ നമ്പർ 7/23) ൽ ഉൾപ്പെട്ട സ്ഥലത്തിന്റെ പോക്കുവരവ് പരാതി പരിഹരിക്കുന്നതിന് ജില്ലാ കളക്ടറുടെ 16.10.2015ലെ സി6-20570/15 നമ്പർ ഉത്തരവു പ്രകാരം തിരുവൻവണ്ടൂർ വില്ലേജിലെ പഴയ സർവ്വെ നമ്പരിൽ ഉൾപ്പെട്ട പ്ലാനിന്റെ അളവുകൾ വ്യക്തമല്ലാത്തതിനാൽ താലൂക്ക് സർവ്വെയർക്ക് അളവു നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുവാൻ കഴിഞ്ഞിട്ടില്ലെന്നുമാണ്. ആകയാൽ പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട് ടി ഓഫീസിലെയും തിരുവൻവണ്ടൂർ വില്ലേജ് ഓഫീസിലെയും ഫയലുകൾ ഓഫീസ് സമയത്ത് ഹാജരായി നിയമപ്രകാരം പരിശോധിച്ച് ലഭ്യമല്ലെങ്കിൽ രേഖകളുടെ പകർപ്പുകൾ ഫീസടച്ച് കൈപ്പറ്റാവുന്നതാണെന്നാണ് അറിയിച്ചത്.

ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന് 17.08.2016ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ നേരിൽ കേൾക്കുന്നതിന് ടി ഓഫീസിൽ നിന്നും അറിയിപ്പ് നൽകിയതനുസരിച്ച് 11.08.2016ന് ഹാജരായി നേരിൽ കേട്ടുവെന്നും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും ടിയാന്റെ അപേക്ഷ പരിശോധിച്ചതിലും ടിയാന് മറുപടി നൽകിക്കൊണ്ട് 21.07.2016ലെ അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നുവെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് ലഭിച്ച മറുപടി അവ്യക്തവും അപൂർണ്ണവും വിവരങ്ങൾ നിഷേധിക്കുന്ന തരത്തിലായിരുന്നുവെന്നുമാണ് ടിയാന്റെ പരാതി. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ കമ്മീഷനിൽ സമർപ്പിക്കണമെന്നും പകർപ്പ് ഹർജിക്കാരനു നൽകണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിക്കുന്നതിന് അനുവാദം നൽകണമെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് അളവ് നടപടി പൂർത്തിയാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 10.02.2022ന് ടി കാര്യാലയത്തിൽ ഹാജരായി മേൽ നമ്പർ ഫയൽ പരിശോധിച്ചിട്ടുള്ളതും ടി ഫയലിന്റെ 39 പേജുകളുടെ പകർപ്പ് കൈപ്പറ്റിയിട്ടുണ്ടെന്നുമാണ്. അളവ് നടപടി സംബന്ധിച്ച മേൽ നമ്പർ ഫയൽ പരിശോധിച്ചതിൽ ശ്രീമതി മറിയാമ്മ ഐപ്പ് സമർപ്പിച്ചിട്ടുള്ള പോക്കുവരവ് റിവിഷൻ ഹർജിയിന്മേൽ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ ഹെഡ് സർവ്വെയർ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നാണ്. ടി റിപ്പോർട്ട് പരിശോധിച്ചതിൽ പരാതിക്കടിസ്ഥാനമായ സ്ഥലം ടി വില്ലേജ് ബ്ലോക്ക് നമ്പർ 6ൽ റീസർവ്വെ നമ്പർ 558/12, 13 എന്നീ സബ് ഡിവിഷനുകളുടെ ഭാഗമായി വരുന്നുവെന്നും റീസർവ്വെ നമ്പർ

558/13,14 എന്നീ സബ് ഡിവിഷനുകളുടെ പൊതു അതിർത്തിയിൽ വ്യത്യാസം കാണുന്നതായും ഹർജിക്കാരിയ്ക്ക് 558/14ൽ ഉള്ള വസ്തുവിന് കൈവശമില്ലാത്തതും ടി വസ്തു 558/14ന്റെ ഉടമസ്ഥനായ ഉമയാറ്റുകര മാർത്തോമ്മാപള്ളി വേലികെട്ടി സംരക്ഷിച്ചു വരുന്നതായി ഹെഡ് സർവ്വയർ റിപ്പോർട്ട് ചെയ്തിരിക്കുന്നുവെന്നാണ്. അപേക്ഷകയുടെ സ്ഥലം മുൻസർവ്വെ സ്കെച്ചിലും പ്രത്യേകം സർവ്വെ ചെയ്തതായി കാണുന്നി ല്ലെന്നും ടി സാഹചര്യത്തിൽ മുൻ റിക്കാർഡ് പ്രകാരം അതിർത്തി നിർണ്ണയി ക്കുന്നതിന് നിർവ്വാഹമില്ലെന്നാണ്. കൂടാതെ ടി സ്ഥലങ്ങളെ സംബന്ധിച്ച് ചെങ്ങന്നൂർ മുൻസിഫ് കോടതിയിൽ ഒ.എസ്.324/13, 104/13, 286/14 എന്നീ നമ്പരുകളിലായി കേസ് നിലനിൽക്കുന്നതിനാൽ ടി കേസുകളുടെ വിധി വന്നതിനു ശേഷമേ ടി വിഷയത്തിന്മേൽ നടപടി സ്വീകരിക്കുവാൻ കഴിയുക യുള്ളുവെന്നും ഹെഡ് സർവ്വെയർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്നും ടി വിവരങ്ങൾ മേൽ നടപടികൾക്കായി റിപ്പോർട്ടു ചെയ്യുന്നുവെന്നുമാണ് അറിയിച്ചത്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 07-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/